പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച വിജിലൻസ് അന്വേഷണം

25 [3165] ശ്രീ. എ. കെ. മണി:
„ വി. ജെ. പൗലോസ്:
„ ഡൊമിനിക് പ്രസന്റേഷൻ:
„ എ. സുജനപാൽ:
„ എം. എ. ചന്ദ്രശേഖരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം എന്തു തുകയ്ക്ക് നടത്താമെന്നാണ് ഇന്ത്യൻ കമ്പനികൾ ഓഫർ വെച്ചത്;

(ബി) അതിന്റെ നവീകരണം സംബന്ധിച്ച് പണി നൽകപ്പെട്ട കമ്പനിക്ക് ആ വർക്ക് കൊടുത്തത് എന്തു തുകയ്ക്കാണ്;

(സി) ഈ ഇടപാട് നടന്നപ്പോൾ വൈദ്യുതിയുടെ ചാർജ്ജുള്ള മന്ത്രി ആരായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ നവീകരണം സംബന്ധിച്ച പണി കൊടുത്തതിലുണ്ടായതായി പറയപ്പെടുന്ന അഴിമതിയെപ്പറ്റി വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ നിലയെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ നവീകരണം സംബന്ധിച്ച് ഏതെങ്കിലും ഇന്ത്യൻ കമ്പനി ഓഫർ വെച്ചതായി അറിവില്ല.

(ബി) മേൽപ്പറഞ്ഞ പദ്ധതികളുടെ നവീകരണം സംബന്ധിച്ച ജോലികൾ കനേഡിയൻ കമ്പനിയായ എസ്. എൻ. സി. ലാവലിന് എം. ഒ. യു. അടിസ്ഥാനത്തിലാണ് കരാർ നൽകിയത്. ഇതിന്റെ അടിസ്ഥാന കൺസൾട്ടൻസി ചാർജ്ജ് 7.19 മില്യൻ ഡോളറും (17.88 കോടി രൂപ) സാധനങ്ങളുടെ വില 52.76 മില്യൻ ഡോളറും (131.27 കോടി രൂപ) ആണ്.

(സി) ഈ ഇടപാടിന്റെ കൺസൾട്ടൻസി എഗ്രിമെന്റ് ഒപ്പുവെയ്ക്കുമ്പോൾ (24-2-1996) ശ്രീ. ജി. കാർത്തികേയനും അതിനുശേഷം സാധനങ്ങൾ വാങ്ങുന്നതിനും മറ്റു പണികൾ ചെയ്യുന്നതും സംബന്ധിച്ച് അഡെൻഡം ഒപ്പുവെയ്ക്കുമ്പോൾ (10-2-1997) ശ്രീ. പിണറായി വിജയനും ആയിരുന്നു വൈദ്യുതിയുടെ ചാർജ്ജുള്ള മന്ത്രിമാർ.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അന്വേഷണം പ്രാരംഭഘട്ടത്തിലാണ്.

കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ കരാറുകാരന് നൽകിയ തുക

26 [3166] ശ്രീ. വി. കെ. സി. മമ്മത് കോയ:
" ടി. പി. രാമകൃഷ്ണൻ:
ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ കരാറുകാരന് കരാർ തുക നൽകാൻ കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോടതി വിധിപ്രകാരം ഇതിനകം പ്രസ്തുത കരാറുകാരന് എത്ര തുക നൽകിയിട്ടുണ്ട്;

(സി) കരാറിൽ ഉൾപ്പെടാത്തതോ കോടതി വിധിയിൽ പരാമർശം ഇല്ലാത്തതോ ആയ ഏതെങ്കിലും പ്രവൃത്തിക്കുള്ള തുക ടിയാന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കരാറിന് വിരുദ്ധമായി തുക അനുവദിക്കരുതെന്ന് ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ ശുപാർശ നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ശുപാർശ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മിനിമം വേജസ് ആക്റ്റ് അനുശാസിക്കുന്ന നിരക്കും ലേബർ എസ്കലേഷനും അതുപ്രകാരമുള്ള പലിശയും ചെയ്ത ജോലികൾക്ക് അനുവദനീയമായ തുകയും നൽകാനാണ് കോടതി വിധിച്ചത്.

(ബി) ലേബർ എസ്കലേഷനും പലിശയുമായി 16,46,20,342 രൂപ നൽകി. കൂടാതെ ചെയ്ത ജോലികൾക്കുള്ള തുകയായി 2,71,489 കോടി രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്.

(സി) നൽകിയിട്ടില്ല.

(ഡി—എഫ്) ഇല്ല.

ബോർഡിന്റെ അന്വേഷണ വിഭാഗം കണ്ടെത്തിയ വൈദ്യുതി മോഷണ കേസുകൾ

27 [3167] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly